# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2460** **13.02.2013** -ൽ മറുപടിക്ക്

<u>ഭവന നിർമ്മാണ ബോർഡിന്റെ പുതിയ ഭവന നിർമ്മാണ പദ്ധതികൾ</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. കെ. എം. മാണി (ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ പുതിയ ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുകയുണ്ടായോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആരംഭിച്ചിട്ടുളള പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. സാഫല്യം ഭവന പദ്ധതി<br>2. കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ (ശാന്തി നഗർ കോളനി) കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി |
| (ബി) ഏതെല്ലാം ജില്ലകളിൽ എവിടെയെല്ലാമാണ് പദ്ധതികൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത സ്ഥലങ്ങളിൽ ഭവനനിർമ്മാണ ബോർഡിന് സ്വന്തമായി ഭൂമി കൈവശമുണ്ടോയെന്നും ഓരോ സ്ഥലത്തും എത്ര ഭൂമി വീതമാണുളളതെന്നും വ്യക്തമാക്കുമോ; | (ബി & സി) | മേൽപ്പറഞ്ഞ പദ്ധതികൾ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് നടപ്പിലാക്കുന്നത്.<br><br>ബോർഡിന്റെ കൈവശമുളള രാജീവ് ദശലക്ഷം പാർപ്പിടപദ്ധതി ഭൂമികളിൽ നടപ്പിലാക്കുന്നു.<br>**I. <u>സാഫല്യം ഭവന പദ്ധതികൾ</u>**<br>1. കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 39.14 സെന്റ് ഭൂമിയിൽ 48 ഫ്ളാറ്റുകൾ<br>2. ആലപ്പുഴ ജില്ലയിൽ ചെട്ടികുളങ്ങരയിൽ 104.30 സെന്റ് ഭൂമിയിൽ 24 ഫ്ളാറ്റുകൾ<br>3. കോട്ടയം ജില്ലയിൽ അകലകുന്നത്ത് 2.27 ഏക്കർ ഭൂമിയിൽ 48 ഫ്ളാറ്റുകൾ |

3. തൃശൂർ ജില്ലയിൽ പുതുക്കാട് 50.69 സെന്റ് ഭൂമിയിൽ 72 ഫ്ളാറ്റുകൾ
4. കോഴിക്കോട് ജില്ലയിൽ ചേളന്നൂരിൽ 56.86 സെന്റ് ഭൂമിയിൽ 66 ഫ്ളാറ്റുകൾ
5. മലപ്പുറം ജില്ലയിൽ തിരുവാലിയിൽ 44.22 സെന്റ് ഭൂമിയിൽ 60 ഫ്ളാറ്റുകൾ
6. പാലക്കാട് ജില്ലയിൽ എലപ്പുള്ളിയിൽ 51 സെന്റ് ഭൂമിയിൽ 82 ഫ്ളാറ്റുകൾ

## II <u>കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ (ശാന്തി നഗർ കോളനി) കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി</u>

കോഴിക്കോട് നഗരത്തിൽ വെസ്റ്റ്ഹിൽ ബീച്ചിന്റെ തെക്കു ഭാഗത്തായി കടലിനും, തീരദേശ റോഡിനും ഇടയിലായി സ്ഥിതി ചെയ്യുന്ന ബംഗ്ളാദേശ് കോളനിയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 333 വീടുകൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള 25 വീടുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഘട്ട പദ്ധതിയിലൂടെ 218 വീടുകൾ പുനർ നിർമ്മിച്ചു വരുന്നു. ഈ പദ്ധതി പൂർണ്ണമായും റവന്യൂ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള ഭൂമി യിലാണ് നടപ്പാക്കുന്നത്.

| | | | |
|---|---|---|---|
| (ഡി) | പുതിയ ഭവന നിർമ്മാണ പദ്ധതികൾക്കായി എവിടെയെല്ലാം ഇക്കാലയളവിൽ ഭൂമി വാങ്ങിയിട്ടുണ്ടെന്നും ഓരോ പദ്ധതിയ്ക്കും എത്ര ഭൂമി വീതമാണ് വാങ്ങിയതെന്നും ഓരോ യിടത്തും പുതിയതായി വാങ്ങിയ ഭൂമിക്ക്സെന്റിന് എത്ര തുക വീതമാണ് നൽകിയതെന്നും അല്ലെങ്കിൽ വിലനിശ്ചയിച്ച തെന്നും വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഹൗസിംഗ് ബോർഡ് പുതുതായി ഭൂമിയൊന്നും വാങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ